LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

177 (1907) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) - 82.43 ലക്ഷം രൂപ
2. പി.എം.ഇ.ജി.പി. (മാർജിൻ മണി ഗ്രാന്റ്) - 95.65 ലക്ഷം രൂപ
3. ഗാർഹിക നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി - 18,000 രൂപ
4. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി - 2.8 ലക്ഷം രൂപ
5. വ്യവസായ ഭദ്രത (പലിശയിളവ് പദ്ധതി) - 89,000 രൂപ
6. താലൂക്കുതല നിക്ഷേപക സംഗമം - 1.27 ലക്ഷം രൂപ
7. താലൂക്കുതല ബോധവൽക്കരണ പരിപാടി - 97,000 രൂപ
8. സാങ്കേതിക മാനേജ്മെന്റ് വികസന പരിപാടി - 2.6 ലക്ഷം രൂപ
9. എൽ.എസ്.ജി.ഡി. ബോധവൽക്കരണ പരിപാടി -1.80 ലക്ഷം രൂപ
10. സാങ്കേതിക ശിൽപ്പശാല - 7,000 രൂപ

പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം

178 (1908) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ കൊല്ലക്കടവ് ഡെവലപ്മെന്റ് ഏരിയയിൽ നിലവിൽ 16.22 ഏക്കർ സ്ഥലം ഉണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിനു കീഴിൽ വരുന്ന 4 നൂൽപ് കേന്ദ്രങ്ങളും ഒരു ഖാദി സൗഭാഗ്യയും (ഏജൻസി ഭവൻ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. താമരക്കുളം, വള്ളികുന്നം-I & II, മാങ്കാംകഴി എന്നീ സ്ഥലങ്ങളിൽ നൂൽപ് കേന്ദ്രങ്ങളും ചാരുംമൂട് എന്ന സ്ഥലത്ത് ഖാദി സൗഭാഗ്യയും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് എ. ഡി. എഫിൽ അനുവദിച്ച തുക ഹെഡ് ഓഫ് അക്കൗണ്ട് മാറിയതിനെത്തുടർന്ന് വ്യവസായ വകുപ്പ് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക ഹെഡ് മാറിപ്പോയതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ആലപ്പുഴ സർവ്വോദയ സംഘം അറിയിച്ചിട്ടുണ്ട്.

(സി) ഈ ഭരണാനുമതിയും തുകയും വിനിയോഗിച്ച് പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാവേലിക്കര നിയോജക മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി സൗഭാഗ്യ, കേന്ദ്ര ഖാദി കമ്മീഷന്റെ അംഗീകാരത്തോടെ ആലപ്പുഴ സർവ്വോദയ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ മുഖേന നടപ്പാക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന് ഈ കാര്യത്തിൽ തടസ്സമില്ല. ഭരണാനുമതി ലഭിച്ച ഈ പദ്ധതിക്ക് ലഭിച്ച തുക വിനിയോഗിക്കാൻ കഴിയുന്നില്ല എന്ന വിഷയം ആലപ്പുഴ സർവ്വോദയ സംഘം ഖാദി ബോർഡ് മുഖേന സർക്കാർ തലത്തിലും കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ തലത്തിലും ബന്ധപ്പെട്ട് മാത്രമേ പരിഹരിക്കാൻ കഴിയൂ.

ആലത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

179 (1909) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.